പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## ഏഴാമത് റിപ്പോർട്ട്

(2017 മാർച്ച് 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## ഏഴാമത് റിപ്പോർട്ട്

(2017 മാർച്ച് 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

390//2017.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | I |
| അദ്ധ്യായം I | | .. | 1 |
| അദ്ധ്യായം II | സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച മറുപടികളും സമിതി അംഗീകരിച്ചവ | .. | 3 |
| അദ്ധ്യായം III | സമിതി ശിപാർശകളും സമിതിയുടെ തുടർ ശിപാർശകളും | .. | 15 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുരളി പെരുനെല്ലി. എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ , എം.എൽ.എ.

ശ്രീ. എം. മുകേഷ്, ,,

ശ്രീ. കെ. ഡി. പ്രസേനൻ, ,,

ശ്രീമതി യു. പ്രതിഭ ഹരി, ,,

ശ്രീ. റോജി എം. ജോൺ, ,,

ശ്രീ. എൻ. ഷംസുദ്ദീൻ, ,,

ശ്രീ. ഷാഫി പറമ്പിൽ, ,,

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2016-2019) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008) യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008) യുടെ ഏഴാമത് റിപ്പോർട്ട് 2008 ഡിസംബർ 11-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മാർച്ച് 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2017 മാർച്ച് 8. *സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008)യുടെ 7-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

### അദ്ധ്യായം I

പന്ത്രണ്ടാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-2008)യുടെ ഏഴാമത് റിപ്പോർട്ട് 2008 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചു. 2003-ലെ വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ (എസ്. ആർ. ഒ. നമ്പർ 107/2007, തീയതി 3-2-2007, എസ്. ആർ. ഒ. നമ്പർ 234/2007, തീയതി 8-3-2007, എസ്. ആർ. ഒ. നമ്പർ 837/2007, തീയതി 10-10-2007, എസ്. ആർ. ഒ. നമ്പർ 927/2007, തീയതി 12-11-2007) സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ 17 ശിപാർശകൾ ഉണ്ടായിരുന്നു.

സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ 3 വർഷങ്ങൾക്കുശേഷവും മറുപടി ലഭിക്കാത്തതിനെ തുടർന്ന് 3-1-2012-ൽ വനം-വന്യജീവി വകുപ്പ് സെക്രട്ടറിയിൽ നിന്ന് തെളിവെടുക്കാൻ തീരുമാനിച്ചു ഇതേത്തുടർന്ന് 2-1-2012-ാം തീയതിയിലെ 10917/ഇ 2/2009/വനം നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, തെളിവെടുപ്പ് യോഗ ദിവസം ലഭ്യമാക്കിയതിനാൽ സമിതിക്ക് പഠനവിധേയമാക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് 22-8-2012-ൽ ചേർന്ന സമിതിയോഗം നടപടി സ്റ്റേറ്റ്മെന്റ് വീണ്ടും പരിഗണിച്ചു തദവസരത്തിൽ "കൃഷിഭൂമി ഇ.എഫ്.എൽ. ആണെന്ന് തെറ്റായി വിജ്ഞാപനം ചെയ്തിട്ടുള്ള കേസുകളിൽ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശ അവകാശ തർക്കപരിഹാര സമിതികളിൽ പരാതിപ്പെടാനും അവ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കണമെന്നുള്ള" റിപ്പോർട്ടിലെ ഖണ്ഡിക 5-ന്മേലുള്ള ശിപാർശയ്ക്ക് 'ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം നിയമഭേദഗതിക്കുള്ള നടപടികൾ നടന്നുവരുന്നുവെന്ന്' വനം വകുപ്പിന്റെ മറുപടി സമിതി പരിഗണിക്കുകയും നിയമ ഭേദഗതിക്കുശേഷം നടപടി സ്റ്റേറ്റ്മെന്റ് പുനഃപരിശോധിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ആക്റ്റ് (2009-ലെ 32-ാം ആക്റ്റ്) ഭേദഗതി

ചെയ്തതിനു ശേഷം നാളിതുവരെ ഇ. എഫ്. എൽ. നിയമം ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് ഭേദഗതികൾ ഒന്നും വരുത്തിയിട്ടില്ലായെന്ന് 18-8-2014-ലെ 10468/ഇ 2/2014/വനം നമ്പർ കത്തുപ്രകാരം അറിയിക്കുകയും ചെയ്തു. ഈ വിഷയം 20-5-2015-ലെ സമിതി യോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും 2009-ലെ ഭേദഗതിക്കുശേഷം ആക്ടിൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ 22-8-2012-ലെ സമിതി യോഗം പരിഗണിച്ച സ്റ്റേറ്റ്മെന്റ് അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം തയ്യാറാക്കിയ ആക്ഷൻ ടേക്കൺ കരട് റിപ്പോർട്ട് 17-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും 1, 2, 6, 9, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകൾക്കുള്ള മറുപടി അംഗീകരിക്കുകയും 3, 4, 5, 7, 8, 10, 11, 12, 13, 14, 15, 16, 17, 18 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സമിതിയുടെ ശിപാർശ പ്രകാരമുള്ള നടപടിയല്ലായെന്ന് കണ്ടെത്തുകയും ആയത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാനും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്താനും തീരുമാനിച്ചു.

2003-ലെ ആക്ടിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്ന 56 കേസുകൾ 17-11-2014-ൽ സർക്കാരിന് അനുകൂലമായി തീർപ്പാക്കിയിരുന്നുവെന്നും ടി ഹൈക്കോടതി വിധിക്കെതിരെ എതിർ കക്ഷികൾ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും മേൽ കേസുകൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാകയാൽ 2003-ലെ ഇ.എഫ്.എൽ. നിയമത്തിൽ ഭേദഗതി വരുത്തുന്നത് സുപ്രീം കോടതിയുടെ അന്തിമ വിധി വന്നതിനുശേഷം മതി എന്ന് സർക്കാർ തീരുമാനിച്ചതായി 5-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം അറിയിക്കുകയും തുടർന്ന് നടത്തിയ 6-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ കോടതി നിയമം സ്റ്റേ ചെയ്യാത്തിടത്തോളം സർക്കാരിന്റെ നടപടികളുമായി മുന്നോട്ട് പോകുന്നതിന് തടസ്സമില്ലായെന്നും നിയമം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്തത് ചട്ടത്തിലുള്ള അപാകതമൂലമാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ മൂലനിയമത്തെ ദോഷകരമായി ബാധിക്കുമെങ്കിൽ അക്കാര്യം വിശദീകരിച്ചുകൊണ്ടുള്ള വ്യക്തമായ മറുപടി നൽകേണ്ടതായിരുന്നു വെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ചട്ടം ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് മന്ത്രിസഭാ യോഗം തീരുമാനമെടുത്തിരുന്നുവെങ്കിലും കോടതി ഇടപെടൽമൂലം എല്ലാ ശിപാർശകളും നടപ്പാക്കാൻ കഴിയുന്നില്ലായെന്നും, നടപ്പിലാക്കിയ ശിപാർശകൾ ഏതെല്ലാമാണെന്നു വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

11, 12, 14, 15, 16, 18 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും 10, 13, 17 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വനം-വന്യജീവി വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ 17-11-2015, 29-11-2016 എന്നീ തീയതികളിലെ യോഗങ്ങളിലായി അംഗീകരിച്ച സർക്കാർ മറുപടികൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

ശിപാർശയിന്മേൽ സമിതി അംഗീകരിക്കാത്ത സർക്കാർ മറുപടികളും തുടർന്ന് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും ഈ റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (2006-2008)യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ, സമിതി അംഗീകരിച്ച സർക്കാർ മറുപടികൾ എന്നിവ

### ഖണ്ഡിക 1 (ശിപാർശ നമ്പർ - 1)

വനത്തിന്റെ നിർവചനത്തിൽ വനപ്രദേശങ്ങളിൽ മാത്രം വളരുന്ന വിളകളെന്ന നിലയിൽ ഏലം, കാപ്പി എന്നിവ ഒഴികെയുള്ള വിളകളെ നിർവചനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012- ലെ 10917/ഇ 2/2009/വനം നമ്പർ കത്തുപ്രകാരം ലഭിച്ചത്)

2000-ലെ ഇ. എ. എൽ. ഓർഡിനൻസ് പ്രകാരം കാപ്പി, ഏലം എന്നിവ കൃഷി ചെയ്ത ഭൂമി മാത്രമാണ് ഓർഡിനൻസിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നത്. ആക്ടിന്റെ വകുപ്പ് 2 (സി)-ൽ നൽകിയിരിക്കുന്ന വനത്തിന്റെ നിർവചനത്തിൽ തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക്, കശുമാവ് എന്നിവ പോലെയുള്ള ദീർഘകാല വിളകൾ ഉൾപ്പെടുത്തിയിട്ടുള്ളത് അത്തരം വിളകൾ കൃഷി ചെയ്തിട്ടുള്ള ഭൂമി ഇ.എഫ്.എൽ. നിയമപ്രകാരം ഏറ്റെടുക്കപ്പെടാതിരിക്കണമെന്നുള്ള സദുദ്ദേശത്തോടു കൂടിയാണെന്ന് കരുതേണ്ടിയിരിക്കുന്നു.

(17-11-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക 2 (ശിപാർശ നമ്പർ - 2)

ചട്ടം 8 (2)-ൽ 'ഉചിതമെന്ന തോന്നുന്ന ന്യായമായ സമയം' എന്നതിന പകരം 'മൂന്ന് മാസം' സമയം ദീർഘിപ്പിച്ച നൽകുവാൻ സൂക്ഷിപ്പുകാരനെ അധികാരപ്പെടുത്തിയിരിക്കുന്ന എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

നാളിതുവരെയായി 1056 ബിറ്റുകളിലായി ഏകദേശം 14063.12630 ഹെക്ടർ സ്ഥലമാണ് ഇ.എഫ്.എൽ. ആയി സർക്കാരിൽ നിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഇത്രയും വിപുലമായ സ്ഥലം അതിർത്തി നിർണ്ണയം നടത്തി ജണ്ടയിടുക എന്നത് പ്രായോഗികമായി വളരെയേറെ സമയം വേണ്ടിവരുന്ന പ്രക്രിയയാണ്. ആയതിനാലാണ് ഇക്കാര്യത്തിൽ വ്യക്തമായ സമയപരിധി നിശ്ചയിക്കാതിരുന്നത് എന്ന് മനസ്സിലാക്കുന്നു.

(17-11-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക 5 (ശിപാർശ നമ്പർ - 3)

കൃഷി ഭൂമി ഇ. എഫ്. എൽ. ആണെന്ന് തെറ്റായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്തുപ്രകാരം ലഭിച്ചത്)

ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ മാത്രം പുനഃപരിശോധിക്കാൻ ഇ. എഫ്. എൽ. നിയമത്തിന്റെ വകുപ്പ് 19 (3) (ബി) പ്രകാരം കസ്റ്റോഡിയന് അധികാരമുണ്ട്. ഇപ്രകാരം കസ്റ്റോഡിയന് ലഭിക്കുന്ന അപേക്ഷകൾ സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വർക്കിംഗ് പ്ലാൻ ഓഫീസർ, കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ്, സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ്, ഫോറസ്റ്റ് കൺസർവേറ്റർ തുടങ്ങിയവർ അംഗങ്ങളായ നിയുക്ത കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇ. എഫ്. എൽ. കസ്റ്റോഡിയൻ തീരുമാനം പുറപ്പെടുവിച്ചുവരുന്നുണ്ട്. പുനഃപരിശോധനക്കായി നാളിതുവരെയായി ഉദ്ദേശം 300 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ചില അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ നാളിതുവരെയായി

105-ഓളം അപേക്ഷകൾ തീർപ്പാക്കി 249.92626 ഹെക്ടർ ഭൂമി ഇ. എഫ്. എൽ. നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നുകണ്ട് വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സെക്ഷൻ 19 (3) (ബി) പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും 2009-ലെ ഇ. എഫ്. എൽ. ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് 6 മാസത്തെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. സെക്ഷൻ 19 (3) (ബി) പ്രകാരമുള്ള അപേക്ഷകളെല്ലാം തന്നെ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-11-2011-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കാൻ നിയമഭേദഗതി ചെയ്യേണ്ടതുള്ളതിനാൽ അതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

പ്രസ്തുത സർക്കാർ മറുപടി 17-11-2015-ലെ യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു

<u>തുടർ നിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്തു പ്രകാരം ലഭിച്ചത്)

ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ മാത്രം പുനഃപരിശോധിക്കാൻ ഇ.എഫ്.എൽ. നിയമത്തിന്റെ വകുപ്പ് 19 (3)ബി പ്രകാരം കസ്റ്റോഡിയന് അധികാരവുമുണ്ട്. ഇപ്രകാരം കസ്റ്റോഡിയന് ലഭിക്കുന്ന അപേക്ഷകൾ ഇ.എഫ്.എൽ. ചട്ടങ്ങളിലെ ചട്ടം നമ്പർ 18 പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതിയിൽ ഉൾക്കൊള്ളുന്ന പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വർക്കിംഗ് പ്ലാൻ ഓഫീസർ, കൺസർവേറ്ററുടെ ടെക്നിക്കൽ അസിസ്റ്റന്റ്, ഫോറസ്റ്റ് കൺസർവേറ്റർ തുടങ്ങിയവർ അംഗങ്ങളായി നിയുക്ത കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇ.എഫ്.എൽ. കസ്റ്റോഡിയൻ ഒരു മാസത്തിനുള്ളിൽ തീരുമാനം പുറപ്പെടുവിക്കേണ്ടതുമാണ്.

2009-ലെ ഇ.എഫ്.എൽ. ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് 6 മാസത്തെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(29-11-2016- ലെ സമിതിയോഗം അംഗീകരിച്ചു)

<u>ഖണ്ഡിക നമ്പർ 6 (ശിപാർശ നമ്പർ - 4)</u>

<u>വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നതുപോലെയുള്ള വനം വകുപ്പിന്റെ പ്രവൃത്തികൾ വേലി തന്നെ വിളവ് തിന്നുന്നത് പോലെയാണെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. ഇത്തരം</u>

<u>നടപടികളിൽ നിന്ന് വനം വകുപ്പ് പിന്തിരിയണമെന്നും ഏറ്റെടുത്ത ഭൂമിയുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് റവന്യു വകുപ്പുമായി സഹകരിച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഭൂവുടമകളുടെ പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) നിയമത്തിന്റെ വകുപ്പ് 5 പ്രകാരം ഇത്തരം ഭൂമി റിസർവ് വനമായി കരുതപ്പെടേണ്ടതും അവ 1961-ലെ കേരള വനനിയമത്തിന്റെയും ചട്ടങ്ങളുടേയും വ്യവസ്ഥകൾ അനുസരിച്ച് സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇ.എഫ്.എൽ. ഭൂമിയിൽ യാതൊരുവിധ മരംമുറിയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർവ്വേ സ്റ്റാഫിന്റെ അപര്യാപ്തത കൊണ്ടാണ് അതിർത്തി നിർണ്ണയം വൈകുന്നത്. വകുപ്പ് 10 എ പ്രകാരമുള്ള പരാതികളിൽ റവന്യൂ വകുപ്പുമായി സഹകരിച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തിവരുന്നു.

(17-11-2015- ലെ സമിതിയോഗം അംഗീകരിച്ചു)

<u>ഖണ്ഡിക 7 (ശിപാർശ നമ്പർ - 5)</u>

<u>വനം, റവന്യൂ, സർവ്വേ എന്നീ വകുപ്പുകൾ സംയുക്തമായി ഇ.എഫ്.എൽ. ഭൂമി അളന്ന് ജണ്ടയിട്ട് വേർതിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിന് ആവശ്യമായ ഉദ്യോഗസ്ഥരെ അടിയന്തരമായി നിയോഗിക്കണമെന്നും സമിതി ഇത്തരുണത്തിൽ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വരുന്ന കാലതാമസം നീതിനിഷേധമായി സമിതി വിലയിരുത്തുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ. ഭൂമി സർവ്വേ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ കോഴിക്കോട് ആസ്ഥാനമായുള്ള ഫോറസ്റ്റ് മിനി സർവ്വേ വിഭാഗമാണ് സർവ്വേ നടത്തിവരുന്നത്. 18 സർവ്വേയർമാരുടെ തസ്തികകൾ ഉള്ളതിൽ 12 സർവ്വേയർമാർ മാത്രമാണ് ടി ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്നത്. ഇവർ 2 ടീമുകളായി സർവ്വേ ജോലികൾ ചെയ്തു വരികയാണ്. നിക്ഷിപ്ത വനമേഖല അതിർത്തി നിർണ്ണയം

നടത്തുന്നതിനാണ് ഇപ്പോൾ പ്രാധാന്യം നൽകിവരുന്നതെന്ന് അറിയുന്നു. കൂടുതൽ ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് സർവ്വേ ജോലികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിക്കുമെന്നു കരുതുന്നു. ആയതിനാൽ ടി ശിപാർശ പരിഗണിക്കാവുന്നതാണ്.

പ്രസ്തുത മറുപടി 17-11-2015-ലെ യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

<u>തുടർനിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ. ഭൂമി സർവ്വെ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ കോഴിക്കോട് ആസ്ഥാനമായുള്ള ഫോറസ്റ്റ് മിനി സർവ്വെ വിഭാഗമാണ് സർവ്വെ നടത്തി വരുന്നത്. നിലവിൽ 18 സർവെയർമാരുടെ തസ്തികയുള്ളതിൽ 13 സർവെയർമാർ നിലവിലുണ്ട്. 3 പേരെക്കൂടി ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ഇവർ രണ്ട് ടീമുകളായി സർവ്വെ ജോലികൾ ചെയ്ത് വരുന്നു. സമയബന്ധിതമായി സർവ്വെ ജോലികൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വെ നടപടികൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)നമ്പർ 82/2015/വനം-വന്യജീവി വകുപ്പ് തീയതി 26-10-2015 പ്രകാരം 30 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും സർവ്വെ ട്രെയിനിംഗ് നൽകി. ഇതുമായി ബന്ധപ്പെട്ട് സർവ്വെ മാന്വൽ ഭേദഗതി വരുത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.

(29-11-201-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ഖണ്ഡിക നമ്പർ 8 (ശിപാർശ നമ്പർ - 6)</u>

<u>ആക്ടിലെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല ഉപദേശക സമിതി യോഗം ചേരുന്നതിനുള്ള സമയപരിധി ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതിനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾക്കൊള്ളിക്കണമെന്നും ക്വാറം ഉണ്ടെങ്കിലും ചെയർമാന്റെ അഭാവത്തിൽ യോഗം ചേരാവുന്നതല്ലെന്ന വ്യവസ്ഥ ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ രണ്ട് ശിപാർശകളും പരിഗണിക്കാവുന്നതാണ്.

പ്രസ്തുത മറുപടി 17-11-2015-ലെ യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു

തുടർനിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്തു പ്രകാരം ലഭിച്ചത്)

ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലയെങ്കിലും ആവശ്യകത അനുസരിച്ച് സമിതി യോഗങ്ങൾ കൂടുകയും തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. എന്നിരുന്നാലും ഈ ശിപാർശകൾ നടപ്പിലാക്കാൻ ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങൾ വകുപ്പിൽ നിന്നും ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(29-11-2016-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു)

ഖണ്ഡിക നമ്പർ 9 (ശിപാർശ നമ്പർ - 7)

ഒരു സ്ഥലം പരിസ്ഥിതി ശാസ്ത്രപരമായി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനു മുമ്പുള്ള ഭൂമി പരിശോധനയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമേ കൃഷി, റവന്യൂ എന്നീ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തണമെന്നും, വിജ്ഞാപനം ചെയ്തു ശേഷമുള്ള സ്ഥലപരിശോധന സമിതിയിൽ പ്രസ്തുത ഭൂമി ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തത്തുല്യരേയും കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്തു പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ. നിയമത്തിന്റെ 2 (ബി) (i) വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന പരിസ്ഥിതി ദുർബ്ബലപ്രദേശം ടി നിയമത്തിന്റെ 3 (1) വകുപ്പ് പ്രകാരം 2-6-2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാണ്. ഇത്തരത്തിലുള്ള ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് അവ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സ്ഥലത്തിന്റെ താലൂക്ക്, വില്ലേജ്, സർവ്വേ നമ്പർ, അതിർത്തികൾ എന്നിവ ശരിയാണെന്ന് കണ്ടെത്തി നൽകുന്ന സാക്ഷ്യപത്രം സഹിതം ബന്ധപ്പെട്ട സർക്കിൾ കൺസർവേറ്റർ മുഖേന ഇ.എഫ്.എൽ. കസ്റ്റോഡിയന് ശിപാർശ സമർപ്പിക്കുകയും ടി പ്രദേശം വകുപ്പിന്റെ സെക്ഷൻ 3 (ii) പ്രകാരം ഇ.എഫ്.എൽ. കസ്റ്റോഡിയൻ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം ലഭിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ഇപ്പോഴും നിക്ഷിപ്തമാക്കപ്പെട്ട ഭൂമി വിജ്ഞാപനം ചെയ്യുന്ന നടപടി നടന്നുവരുന്നുണ്ടായിരുന്നു. എന്നാൽ 3-11-2011-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനം പുതുതായി വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കേണ്ട എന്നാണ്. ഇത്തരുണത്തിൽ ഈ ശിപാർശയിൽ

പറയുന്ന രീതിയിലുള്ള പരിശോധന നടത്തുകയാണെങ്കിൽ മുൻപ് നടത്തിയിട്ടുള്ള വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട ഭൂമിയുടെ ഉടമസ്ഥരോടുള്ള വിവേചനമായി വ്യാഖ്യാനിക്കപ്പെടാവുന്നതും ആക്ടിന്റെ നിയമ സാധുതയെത്തന്നെ ചോദ്യം ചെയ്യപ്പെട്ടുവാൻ സാദ്ധ്യതയില്ലേയെന്നും സംശയിക്കുന്നു.

(17-11-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക നമ്പർ 11 (ശിപാർശ നമ്പർ - 9)

ഭൂപ്രദേശങ്ങൾക്കു പുറമേ കായലുകളും അരുവികളും, നദീതീരങ്ങളും, കായൽത്തീരങ്ങളും, ലഗൂണുകളും പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളായി പ്രഖ്യാപിക്കണമെന്നും ഇതുപോലെ മറ്റു ജൈവവൈവിധ്യ മേഖലകൾ പുരാവസ്തു സ്മാരകങ്ങൾ സംരക്ഷിക്കുന്ന മാതൃകയിൽ കൈവശക്കാർക്ക്/സ്വകാര്യ വ്യക്തികൾക്ക് നിബന്ധനകൾക്ക് വിധേയമായി കൈവശാവകാശം നൽകി സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്തു പ്രകാരം ലഭിച്ചത്)

പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം ആരായാവുന്നതാണ്.

പ്രസ്തുത മറുപടി 17-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു

തുടർ നിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്തു പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ. ആക്ട് സെക്ഷൻ 4-ലെ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം പ്രതിഫലം നൽകി പരിസ്ഥിതി പ്രാധാന്യമുള്ള ഏതു പ്രദേശവും ഇ.എഫ്.എൽ. ആക്കി സർക്കാരിൽ നിക്ഷേപിക്കാം. ആയതിനാൽ മറ്റു നിയമഭേദഗതിയുടെ ആവശ്യമില്ല.

(29-11-2016-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക 12 (ശിപാർശ നമ്പർ - 10)

കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമ്പോൾ തന്നെ ഉടമസ്ഥർ അവ വെട്ടി നശിപ്പിക്കുന്നുവെന്നതിനാൽ അവ ഉടമസ്ഥരുടെ കൈവശം നിലനിർത്തിക്കൊണ്ട് സംരക്ഷിക്കണമെന്നും അവയുടെ പരിപാലനത്തിനായി ഇൻസന്റീവ് നൽകണമെന്ന നിർദ്ദേശം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രധാനമായും കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി 170-ാളം ഹെക്ടർ കണ്ടൽക്കാടുകൾ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്ര പരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമം സെക്ഷൻ 4 (1) പ്രകാരം ഏറ്റെടുത്ത് സംരക്ഷിക്കുവാൻ കഴിയുമോ എന്ന കാര്യം വനംവകുപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിശോധിച്ച് വരികയാണ്. ഈ സ്ഥലങ്ങൾ പലതും ചെറിയ തുണ്ടുകളാണ്. ആയവ ഏറ്റെടുത്താൽത്തന്നെ റിസർവ് വനത്തിൽ നിന്നും വളരെ അകലത്തിൽ സ്ഥിതിചെയ്യുന്ന ഈ ഭൂവിഭാഗങ്ങളെ പരിമിതമായ വനംവകുപ്പുദ്യോഗസ്ഥരെ വച്ച് സംരക്ഷിക്കുന്നത് ശ്രമകരമായ ഒരു പ്രവർത്തനമായി തീരാനാണ് സാദ്ധ്യത. കൂടാതെ സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിച്ചാൽത്തന്നെ ഉടമസ്ഥർ കണ്ടൽക്കാടുകൾ നശിപ്പിച്ച് ഏറ്റെടുക്കൽ ഒഴിവാക്കാൻ ശ്രമിച്ചേക്കാം. ഈ സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകി ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കി ഉദ്യോഗസ്ഥരെയോ വാച്ചർമാരെയോ വിന്യസിച്ച് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് സർക്കാർ ഖജനാവിൽ നിന്നും പണം ചെലവഴിക്കേണ്ടിവരും. കൂടാതെ ഒറ്റപ്പെട്ട ചെറിയ കണ്ടൽക്കാടുകൾ സംരക്ഷിക്കുക എന്നത് പ്രായോഗികമായി ഫലവത്താകാനും സാധ്യതയില്ല. അതേസമയം 2008-ൽ നിലവിൽ വന്ന Kerala Conservation of Paddy Land and Wet Land Act-ലെ സെക്ഷൻ 11 പ്രകാരം Wet Land-ന്റെ നിർവ്വചനത്തിൽ കണ്ടൽക്കാടുകളും ഉൾപ്പെടുന്നു. അതിനാൽ ഈ നിയമം അനുസരിച്ച് ഇവ നശിപ്പിക്കാനോ നികത്തുവാനോ ഇനി മുതൽ സാധ്യമല്ല. ആയതിനാൽ 2008-ലെ നിയമത്തിന്റെ പരിരക്ഷയിൽ സംസ്ഥാനത്തുള്ള എല്ലാ കണ്ടൽ പ്രദേശങ്ങൾക്കും ഉടൻതന്നെ സംരക്ഷണം നൽകാൻ കഴിയുന്നതാണ്. ഈ നിയമം നടപ്പാക്കുന്നത് റവന്യൂ വകുപ്പാണ്. ഇങ്ങനെ നിയമപരിരക്ഷ ലഭിക്കുമ്പോഴും കണ്ടൽക്കാടുകളുടെ ഏറ്റവും നല്ല പരിരക്ഷ, ഇത്തരം സ്ഥലങ്ങളുടെ ഉടമസ്ഥരെ വിശ്വാസത്തിലെടുത്തുകൊണ്ട് കണ്ടൽക്കാട് സംരക്ഷണത്തിനായി റവന്യൂ വകുപ്പോ വനം വകുപ്പോ ചെലവാക്കുന്ന സംഖ്യ കണ്ടൽക്കാട് ഉടമസ്ഥർക്ക് പ്രോൽസാഹനമായി നൽകി സംരക്ഷണച്ചുമതല അവർക്കുതന്നെ ഏൽപ്പിച്ചു കൊടുക്കുന്നത് നല്ലതല്ലേ എന്നത് റവന്യൂ, കൃഷി വകുപ്പുകൾ കൂട്ടായി പരിശോധിക്കുന്നത് നല്ലതായിരിക്കും.

പ്രസ്തുത മറുപടി 17-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

<u>തുടർനിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്തു പ്രകാരം ലഭിച്ചത്)

കണ്ടൽക്കാടുകൾ ഇ.എഫ്.എൽ. ആക്ട് സെക്ഷൻ 4(1) പ്രകാരം ഏറ്റെടുക്കവാൻ നടപടി ആരംഭിച്ചു കഴിഞ്ഞു. ഉപദേശകസമിതിയുടെ ശിപാർശ അനുസരിച്ച് ഏകദേശം 247 ഹെക്ടറോളം കൊല്ലം ജില്ലയിലും തൃശ്ശൂർ ജില്ലയിലും ഉള്ള കണ്ടൽക്കാടുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ 2008ൽ നിലവിൽ വന്ന Kerala Conservation of Paddy Land and Wet Land Act-ലെ സെക്ഷൻ 11 പ്രകാരം Wet Land-ന്റെ നിർവ്വചനത്തിൽ കണ്ടൽക്കാടുകളും ഉൾപ്പെടുന്നു. അതിനാൽ ഈ നിയമം അനുസരിച്ച് ഇവ നശിപ്പിക്കുവാനോ നികത്തുവാനോ സാദ്ധ്യമല്ല. ആയതിനാൽ 2008-ലെ നിയമത്തിന്റെ പരിരക്ഷയിൽ സംസ്ഥാനത്തിനുള്ള എല്ലാ കണ്ടൽ പ്രദേശങ്ങൾക്കും ഉടൻതന്നെ സംരക്ഷണം നൽകാൻ കഴിയുന്നതാണ്. ഈ നിയമം നടപ്പാക്കുന്നത് റവന്യൂ വകുപ്പാണ്.

(29-11-2016-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ഖണ്ഡിക 14 (ശിപാർശ നമ്പർ -12)</u>

<u>വനപ്രദേശങ്ങളോടടുത്ത സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലെ കുന്നുകൾ ഇടിച്ചും പാറക്കൂട്ടങ്ങൾ, പുൽമേടുകൾ നശിപ്പിച്ചും നടത്തുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് ആക്ടിൽ കർശനമായ വ്യവസ്ഥ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

1986-ലെ Environmental Protection Act-ൽ ആയതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കുന്നതിന് പ്രസ്തുത ആക്ടിൽ ഉൾപ്പെടുത്തി നിയമപരിരക്ഷ ഉറപ്പാക്കാവുന്നതാണ്.

പ്രസ്തുത മറുപടി സമിതിയുടെ 17-11-2015-ലെ യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

<u>തുടർനിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ.-ൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥ ഈ ആക്ടിൽ തന്നെയുണ്ട്. സെക്ഷൻ 5 പ്രകാരം ഇ.എഫ്.എൽ. ഭൂമിയെല്ലാം തന്നെ റിസർവ് ഫോറസ്റ്റ് സ്റ്റാറ്റസുള്ളവയാണ്. അതുകൊണ്ട് നാശം ഉണ്ടാക്കുന്ന പ്രവർത്തികൾ തടയാൻ

നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇ.എഫ്.എൽ.-ൽ പെടാത്ത ഭൂപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലുണ്ട്.

(29-11-2016-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക 15 (ശിപാർശ നമ്പർ -13)

ആക്ടിലെ 4-ാം വകുപ്പ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുപോലെ 3(1)-ാം വകുപ്പുപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് ചട്ടം 18(1) പ്രകാരമുള്ള സ്ഥലപരിശോധനാ സമിതിയുടെ ശിപാർശക്ക് വിധേയമായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ ശിപാർശയിൽ പറയുന്ന രീതിയിലുള്ള പരിശോധന നടത്തുകയാണെങ്കിൽ മുൻപ് നടത്തിയിട്ടുള്ള വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട ഭൂമിയുടെ ഉടമസ്ഥരോടുള്ള വിവേചനമയി വ്യാഖ്യാനിക്കപ്പെടാവുന്നതും ആക്ടിന്റെ നിയമസാധുതയെത്തന്നെ ചോദ്യം ചെയ്യപ്പെടുവാൻ സാദ്ധ്യതയില്ലേയെന്നും സംശയിക്കുന്നു.

പ്രസ്തുത മറുപടി സമിതിയുടെ 17-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

തുടർനിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ ശിപാർശയിൽ പറയുന്ന രീതിയിലുള്ള പരിശോധന നടത്തുകയാണെങ്കിൽ മുൻപ് നടത്തിയിട്ടുള്ള വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട ഭൂമിയുടെ ഉടമസ്ഥരോടുള്ള വിവേചനമായി വ്യാഖ്യാനിക്കപ്പെടാവുന്നതും ആക്ടിന്റെ നിയമസാധുത തന്നെ ചോദ്യം ചെയ്യപ്പെടുവാൻ സാധ്യതയുള്ളതുമാണ്.

(29-11-2016-ലെ സമിതിയോഗം അംഗീകരിച്ചു)

ഖണ്ഡിക നം.16 ശിപാർശ നമ്പർ - 14

വനനശീകരണം തടയുന്നതിനായി വനപ്രദേശങ്ങളിൽ വനപരിപാലനത്തിന് അല്ലാതെ മറ്റ് യാതൊരു ഉപയോഗത്തിനും ഭൂമി വിട്ടുകൊടുക്കാൻ പാടില്ലെന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നടക്കുന്ന വനനശീകരണ പ്രവർത്തനങ്ങൾ അന്വേഷണ വിധേയമാക്കണമെന്നും അതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ ശിപാർശ സ്വാഗതാർഹമാണ്.

പ്രസ്തുത മറുപടി സമിതിയുടെ 17-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

<u>തുടർനിർദ്ദേശ പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ. എല്ലാം തന്നെ റിസർവ് ഫോറസ്റ്റ് സ്റ്റാറ്റസുള്ളവയാണ്. 1980-ലെ വനസംരക്ഷണ നിയമപ്രകാരം ഇത്തരത്തിലുള്ള പ്രദേശങ്ങൾ വനേതരാവശ്യത്തിനായി കേന്ദ്രസർക്കാരിന്റെ അനുമതിയില്ലാതെ ഉപയോഗിക്കാൻ പാടില്ല. ഇ.എഫ്.എൽ. പ്രദേശങ്ങളിൽ നടക്കുന്ന മരം വെട്ടലോ മറ്റ് നശീകരണ പ്രവർത്തികളോ തടയുന്നതിനുള്ള നിയമങ്ങളും ചട്ടങ്ങളും കേരള ഫോറസ്റ്റ് ആക്ട് പ്രകാരം നിലവിലുണ്ട്. അതുകൊണ്ട് പ്രത്യേക ചട്ടങ്ങളോ ഭേദഗതികളോ ആവശ്യമില്ല.

(29-11-2016-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ഖണ്ഡിക 18 (ശിപാർശ നമ്പർ -16)</u>

പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നിരിക്കേ അതിന്റെ സംരക്ഷണവും പരിപാലനവും സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമാണെന്ന കാഴ്ചപ്പാടിന് മാറ്റം വരേണ്ടതായിട്ടുണ്ട്. അത്തരം സ്ഥലങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി മൈനിംഗ് ആൻറ് ജിയോളജി, ഭൂഗർഭ ജലം, വനം, പരിസ്ഥിതി എന്നീ വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനം അനിവാര്യമാണ്. പരിസ്ഥിതി ദുർബല പ്രദേശം ആയ സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ വനഭൂമിയായി നിലനിർത്തിയിട്ടുണ്ടെങ്കിൽ അവർക്ക് അർഹമായ പ്രോത്സാഹനം നൽകുന്നതിനുള്ള വ്യവസ്ഥ ആക്കിൽ കൊണ്ടുവരണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ശിപാർശ സ്വാഗതാർഹമാണ്.

പ്രസ്തുത മറുപടി 17-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

<u>സമിതിയുടെ തുടർ നിർദ്ദേശപ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇ.എഫ്.എൽ. ആക്ടിന്റെ പ്രധാന ലക്ഷ്യം വനഭൂമി ഏറ്റെടുക്കുക മാത്രമല്ല അവ ശാസ്ത്രീയമായി പരിപാലിക്കുന്നതും ആണ്. വനപ്രദേശങ്ങൾ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ തുടരാൻ അനുവദിച്ചാൽ അവ ശാസ്ത്രീയമായ പരിപാലനത്തിന്റെ ഉറപ്പില്ലാത്തതുകൊണ്ട് ഇ.എഫ്.എൽ. ആയി ഏറ്റെടുക്കാൻ അർഹതയുള്ള എല്ലാ പ്രദേശങ്ങളും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതാണ് അഭികാമ്യം.

(29-11-2016-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ഖണ്ഡിക 19 (ശിപാർശ നമ്പർ - 17)</u>

<u>ഡീനോട്ടിഫിക്കേഷൻ സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ ആക്ടിലും ചട്ടത്തിലും ഇല്ലാത്തതിന്റെ പഴുതുപയോഗിച്ച് ഒരിക്കൽ ആക്ടിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമി തിരിച്ചു പിടിക്കുവാനുള്ള ഗൂഢശ്രമങ്ങൾക്ക് തടയിടുന്നതിന് ഡീനോട്ടിഫിക്കേഷൻ സംബന്ധിച്ച് നിയതവും വ്യക്തവുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സെക്ഷൻ 19 (3) (ബി) പ്രകാരം ലഭിച്ച അപേക്ഷകളെല്ലാംതന്നെ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇ.എഫ്.എൽ. അല്ല എന്നു കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കുന്നതിനും വിട്ടുകൊടുക്കപ്പെട്ട സ്ഥലം സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയം നടത്തി വേർതിരിച്ച് ഡിനോട്ടിഫിക്കേഷൻ ശിപാർശ ലഭിക്കുന്ന മുറയ്ക്കുതന്നെ കസ്റ്റോഡിയൻ ഇവ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(17-11-2015-ലെ സമിതി യോഗം അംഗീകരിച്ചു)

അദ്ധ്യായം III

## ശിപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിക്കാത്ത മറുപടികളും തുടർന്ന് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും

ഖണ്ഡിക നം.10 (ശിപാർശ നമ്പർ - 8)

ആക്ടിലെ സെക്ഷൻ 15 (2) പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ വേർതിരിച്ചറിയുന്നതിനും പ്രസ്തുത ഭൂപ്രദേശങ്ങളെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും വേണ്ടിയുള്ള ഉപദേശക സമിതിയിൽ നിലവിൽ രണ്ട് നിയമസഭാ സാമാജികർ ഉൾപ്പെടെ 12 അംഗങ്ങളാണ് ഉള്ളത്. ഇതോടൊപ്പം പരിസ്ഥിതി വകുപ്പ് സെക്രട്ടറിയെ കൂടി ഉപദേശക സമിതിയിൽ അംഗമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ ശിപാർശ പരിഗണിക്കാവുന്നതാണ്.

പ്രസ്തുത മറുപടി 17-11-2015-ലെ യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

തുടർനിർദ്ദേശപ്രകാരം ലഭിച്ച സർക്കാർ മറുപടി

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പ്രസ്തുത ഭേദഗതി ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

സമിതിയുടെ തുടർനിർദ്ദേശത്തിന്മേൽ ലഭിച്ച മറുപടി 29-11-2016-ലെ സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വനംവന്യജീവി വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

ഖണ്ഡിക 13 (ശിപാർശ നമ്പർ 11)

കായലുകൾ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി ഏറ്റെടുക്കുമ്പോൾ പരിസ്ഥിതി സൗഹൃദപരമായ രീതിയിലുള്ള 'ഇക്കോ ടൂറിസം' പോലുള്ള പദ്ധതികൾ ടൂറിസം മേഖലയിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അവിടങ്ങളിൽ മത്സ്യബന്ധനത്തിന് സൗകര്യം നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പരിസ്ഥിതി ദുർബലപ്രദേശങ്ങൾക്ക പുറത്തുള്ള ഇത്തരം പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി റവന്യൂ കൃഷി, ടൂറിസം വകുപ്പുകളുടെ മേൽനോട്ടത്തിൽ പ്രത്യേക കസ്റ്റോഡിയനെ നിയോഗിച്ച് ഇത്തരം പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇതിനുള്ള നിയമനിർമ്മാണം ഉണ്ടാകേണ്ടതുണ്ട്.

പ്രസ്തുത മറുപടി 17-11-2015-ലെ യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

തുടർനിർദ്ദേശത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ ശിപാർശ സംബന്ധിച്ച നിയമനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ വകുപ്പുതലത്തിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സമിതിയുടെ തുടർനിർദ്ദേശത്തിന്മേൽ ലഭിച്ച മറുപടി 29-11-2016-ലെ സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വനംവന്യജീവി വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

ഖണ്ഡിക 17 (ശിപാർശ നമ്പർ 15)

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്യപ്പെടാൻ അർഹതയുള്ള പ്രദേശങ്ങൾ അടിയന്തരമായി കണ്ടെത്തി ആവശ്യമായ പരിശോധന നടത്തി വിജ്ഞാപനം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(2-1-2012-ലെ 10917/ഇ 2/2009/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഈ ശിപാർശ സ്വാഗതാർഹമാണ്. ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി വിശദമായ റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത മറുപടി 17-11-2015-ലെ സമിതി യോഗം പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

<u>തുടർനിർദ്ദേശത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി</u>

(20-1-2016-ലെ 10468/ഇ 2/2014/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇത്തരം പ്രദേശങ്ങൾ ഒട്ടുമിക്കവയും ഇ.എഫ്.എൽ.- ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ബാക്കി പ്രദേശങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് നോട്ടിഫൈ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സമിതിയുടെ തുടർനിർദ്ദേശത്തിന്മേൽ ലഭിച്ച മറുപടി 29-11-2016-ലെ സമിതി യോഗം പരിഗണിക്കുകയും <u>പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വനം-വന്യജീവി വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.</u>

മുരളി പെരുനെല്ലി,

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2017 മാർച്ച് 8.

390/2017.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.